**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത് - ഗവ. ആർട്സ് & സയൻസ് കോളേജിനുവേണ്ടി വാങ്ങിയ കിഴക്കോത്ത് വില്ലേജിലെ 5 ഏക്കർ സ്ഥലം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനുള്ള അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.1281/17/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 22.04.2017

---

പരാമർശം - 1) തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പിന്റെ 27/02/2013 ലെ 11164/ഡി.എ 2/13/ത.സ്വ.ഭ.വ നമ്പർ കത്ത്

2) കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03/10/2015 -ലെ 5-ാം നമ്പർ തീരുമാനം

3) കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02/12/2015 ലെ എ 2-3000/15 നമ്പർ കത്ത്

4) പഞ്ചായത്ത് ഡയറക്ടറുടെ 06/02/2017 - ലെ സി2 – 42582/2015 നമ്പർ കത്ത്

**ഉത്തരവ്**

കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത്, ഗവ. ആർട്സ് & സയൻസ് കോളേജിനുവേണ്ടി വാങ്ങിയ കിഴക്കോത്ത് വില്ലേജിലെ 9/1 എ 1 എ 1, 9/1 എ 1 എ 2 എ, 9/1 എ 1 എ 2 ബി, 9/1 ബി, 9/2 എന്നീ റീസർവ്വേകളിൽപെട്ട അഞ്ചേക്കർ സ്ഥലം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനു പരാമർശം (2) പ്രകാരം തീരുമാനിച്ച് പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള കത്തിനോടൊപ്പം കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14.02.2013 യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കിഴക്കോത്ത് ഗവ. ആർട്സ് & സയൻസ് കോളേജിനായി സ്ഥലം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തനതു ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിന് സൂചന (1) പ്രകാരം അനുമതി നൽകിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത്, ഗവ. ആർട്സ് & സയൻസ് കോളേജിനുവേണ്ടി വാങ്ങിയ കിഴക്കോത്ത് വില്ലേജിലെ 9/1 എ 1 എ 1, 9/1 എ 1 എ 2 എ, 9/1 എ 1 എ 2 ബി, 9/1 ബി, 9/2 എന്നീ റീ സർവ്വേ നമ്പറിൽപ്പെട്ട 5 ഏക്കർ സ്ഥലം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിന് കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

എൻ. വിശ്രുതൻ ആചാരി

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം

ജില്ലാ കളക്ടർ, കോഴിക്കോട്

സെക്രട്ടറി, കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പാൾ, ഗവ. ആർട്സ് & സയൻസ് കോളേജ്, കൊടുവള്ളി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

**സെക്ഷൻ ഓഫീസർ**